സ്കാർലെട് സെൻക്ലെയറിന്റെ "എ ടച്ച് ഓഫ് ഡാർക്നെസ്സ് എന്ന നോവലിന്റെ ആസ്വാദനം എട്ടാം അദ്ധ്യായം (താങ്ക് യൂ മിസ് സെൻക്ലയർ)

നീനാ പനക്കൽ

****

പെർസെഫനിയും ലെക്സായും യെല്ലോ ഡാഫോഡിൽസ് എന്ന് പേരുള്ള കോഫിഷോപ്പിൽ ഇരിക്കയാണ്. ലെക്സാക്ക് അഡോണിസിനോടും കൂട്ടുകാരോടും ഒപ്പം ട്യൂലേറിയൻ സ്റ്റേഡിയത്തിലും, (അവിടെ സ്പോർട്സിന്റെ ട്രയൽ നടക്കുകയാണ്) പെർസെഫനിക്ക് ആർട്ടിമിസിന്റെ ലൈബ്രറിയിലും പോകണം. ലൈബ്രറിയിൽ പോയി അവൾക്ക് അധോലോകരാജാവിനെ കുറിച്ചുള്ള കാര്യങ്ങളെല്ലാം അറിയണമായിരുന്നു. ആ ദേവന്റെ ബലഹീനതകൾ, നന്മകൾ വല്ലതും ഉണ്ടെങ്കിൽ അവയും. അവൾക്ക് ഹെയ്ഡിസിനെക്കുറിച്ച് എഴുതാനുള്ളതാണ്. അഡോണിസിനോട് അകന്നു നിൽക്കണമെന്ന് പറഞ്ഞത് എന്തുകൊണ്ടാണെന്ന് അറിയാൻ തനിക്ക് ജിജ്ഞാസ ഉണ്ടാവുമെന്ന് ഹെയ്ഡിസിന് അറിയില്ലേ? അഡോണിസ് ആഫ്രൊഡെയ്റ്റി ദേവിയുടെ കാമുകനായതുകൊണ്ട് മാത്രമാണോ ആ മുന്നറിയിപ്പ്?

'നിന്റെ ചുണ്ടുകൾ മുറിഞ്ഞിട്ടുണ്ടല്ലോ?' ലക്സാ കളിയാക്കി ചോദിച്ചു,' നീ ആരെ ചുംബിച്ചു? '

' ഞാൻ ആരെയും ചുംബിച്ചില്ല.'

'എന്നാൽ നിന്നെ ആരോ ചുംബിച്ചു. അത് തീർച്ചയാണ്. പറയു. ആരാണ് നിന്നെ ചുംബിച്ചത്?'

ഹെയ്ഡിസ് എനിക്ക് അധോലോകത്ത് പോകാനുള്ള ഫേവർ ചുംബനരൂപത്തിൽ തന്നതാണ്. അയാളുടെ ചുംബനങ്ങൾ താൻ ഇഷ്ടപ്പെട്ട എന്നത് ശരിതന്നെ. പക്ഷെ ഇതൊരു റൊമാന്റിക് കിസ്സ് അല്ല. പെർസെഫനി മനസ്സിൽ പറഞ്ഞു. ചുംബിച്ചത് കൊണ്ട് അയാൾ എന്റെ ശത്രു അല്ലാതെ ആവുന്നില്ല. കള്ളക്കളി കളിച്ച് തന്നെ കുടുക്കിലാക്കിയ അയാൾ തന്റെ ശത്രു അല്ലാതാവുന്നതെങ്ങനെ?

' ഇന്നലെ പോയിട്ട് ഇന്ന് അതിരാവിലെ അഞ്ചുമണിക്കാണ് നീ തിരികെ വന്നത്. നീ എവിടെയായിരുന്നു? ആരുടെ കൂടെ ആയിരുന്നു?'

'ലക്സാ നീയത് എങ്ങനെ അറിഞ്ഞു?'

' ഞാൻ അഡോണിസുമായി ഫോണിൽ സംസാരിച്ചുകൊണ്ട് ഇരി ക്കുകയായിരുന്നു. നിനക്ക് അറിയോ അവനൊരു അഡോപ്റ്റഡ് ചൈൽഡ് ആണെന്ന്? യഥാർത്ഥ മാതാപിതാക്കളെ കണ്ട് പിടിക്കാനാണ് അവൻ ഒരു ജേണലിസ്റ്റ് ആയത്.'

ലക്സാ പോയതിനുശേഷം പെർസെഫനി ലൈബ്രറി ലക്ഷ്യമാക്കി നടന്നു. ലൈബ്രറിക്കകത്ത് അവൾ " Divine powers and symbols " എന്നെഴുതിയ ലെതർ കൊണ്ട് പൊതിഞ്ഞ ഒരു വലിയ ബുക്ക് കണ്ടുപിടിച്ചു. പേജുകൾ ശ്രദ്ധയോടെ മറിച്ചപ്പോൾ, "ഹെയ്ഡിസ്, ഗോഡ് ഓഫ് ദി അണ്ടർ വേൾഡ് " എന്നൊരു വോളിയം കണ്ട് അതുമെടുത്ത് അവളൊരു മേശയിൽ വന്നിരുന്നു.

അയാളുടെ പേര് കണ്ടപ്പോൾ തന്നെ അവളുടെ നെഞ്ചിടിപ്പ് വർധിച്ചു. തിരിച്ചറിയാൻ ആവാത്ത വിധം ഇരുണ്ടതായിരുന്നു ,അയാളുടെ മുഖം. (profile) ഹെയ്ഡിസ് അധോലോക രാജാവായത് എങ്ങനെ എന്ന് അതിലെഴുതിയിരുന്നു. പെർസെഫനി ആ മുഖത്ത് വിരലോടിച്ചു.

ടൈറ്റൻസിനെ തോൽപിച്ച ശേഷം ഹെയ്ഡിസും സഹോദരന്മാരും മൂന്ന് ലോകങ്ങളെ നറുക്കിട്ട് എടുക്കുകയായിരുന്നു. അധോലോകം ഹെയ്ഡിസിന്, ആകാശം സ്യൂസിന്, കടൽ പൊസൈഡണ്. ഭ്രമിക്ക് മൂവർക്കും തുല്യാവകാശം. ഹെയ്ഡിസും പോസെഡനും അവരുടെ അതിർത്തി വിട്ട് അധികം സഞ്ചരിക്കാറില്ലാത്തതിനാൽ ഭ്രമിയുടെ മേൽ അവർക്ക് അവകാശമുണ്ടെന്ന് പെർസെഫനിക്ക് അറിയില്ലായിരുന്നു.

അവൾ വായന തുടർന്നു : ഹെയ്ഡിസിന്റെ ശക്തികളിൽ ചിലത്:

പരേതാത്മാക്കളുമായി സമ്പർക്കം പുലർത്തുക ,പുനരവതാരം നടത്തുക ,പുനർജനനം, ആത്മാവിനെ നീക്കം ചെയ്യുക, പിന്നെ പരകായ പ്രവേശനവും. ഭ്രമിയിൽ പ്രവേശമുള്ളതിനാൽ സകല പ്രഷ്യസ് മെറ്റീരിയൽസും അങ്ങേരുടേതാണ്. മനുഷ്യരെയും ദേവന്മാരെയും സ്വന്തം ഇഷ്ടക്കൊത്തവണ്ണം കൊണ്ടുവരാനാവും., പിന്നെ

അഗോചരത്വവും . അധോലോക രാജാവിന് നാർഷിസസ് പുഷ്പങ്ങൾ വിലമതിക്കാനാവാത്തവയാണ് .പുനർജനനത്തിന്റെ സിംബൽ ആണത്രേ അവ. മരിച്ചുപോയവരുടെ ആത്മാക്കൾക്ക് പുനർജനനം ഉണ്ടാകുമെന്ന പ്രത്യാശ നല്കുന്നവയാണത്രെ നാർഷിസസ് പൂക്കൾ.

ഈ ദൈവം താൻ കുറച്ച് ദിവസങ്ങൾക്ക് മുൻപ് പരിചയപ്പെട്ട ആളല്ല, ഈ ദൈവം വളരെ ദയയുള്ളവൻ ആണെന്നാണ് ഈ പുസ്തകം വായിക്കുമ്പോൾ മനസ്സിലാവുന്നത്.

പെർസെഫനി പൂന്തോട്ടത്തിൽ നടാനുള്ള പൂക്കളുടെ ഒരു ലിസ്റ്റ് ഉണ്ടാക്കി. അസ്ഫഡിൽ ,എക്കോണൈറ്റ് , പൊളിയാന്തസ് , നാർഷിസസ് .... അവയെ ശ്രുശ്രൂഷിക്കുന്ന വിധങ്ങൾ. ഒപ്പം മരങ്ങളെയും വൃക്ഷങ്ങളെയും. അവൾ കടയിൽ പോയി ഗ്ലവ്സുകളും വിത്തുകളും വാങ്ങി. സ്വന്തമായി ടെലി പോർട് ചെയ്ത് അണ്ടർവേൾഡിൽ എത്തി വിത്തുകൾ പാകി. വെള്ളം എവിടെ കിട്ടും? അവൾ വാട്ടറിങ് ക്യാൻ എടുത്ത് കുറുത്ത് തിളങ്ങുന്ന പാറക്കൂട്ടങ്ങൾക്കിടയിലൂടെ വെള്ളമന്വേഷിച്ചു നടന്നു. കുറെ നടന്നപ്പോൾ നീണ്ട പുല്ലുകൾക്കിടയിലൂടെ ഒരു നദി ഒഴുകുന്നത് കണ്ടു . അതിനു നേരെ നടക്കുമ്പോൾ ഒരു വലിയ ചുവന്ന പന്ത് കിടക്കുന്നതു കണ്ട് അവൾ അതെടുത്തു .തൊട്ടടുത്ത് മുരൾച്ച കേട്ട് തലയുയർത്തി. മൂന്ന് ഡോബർമാൻ നായ്ക്കൾ !!! അവയുടെ കണ്ണുകൾ പന്തിൽ തറച്ചു നിൽക്കുന്നു. 'ഓ . പന്ത് വേണോ?' അവൾ പന്ത് അകലേക്ക് എറിഞ്ഞുകൊടുത്തു . നായ്ക്കൾ അതിനുപിന്നാലെ ഓടി. അവൾ നടന്ന് നദിക്കരികിലെത്തി. സ്റ്റൈസ് നദിപോലെ അല്ല ഈ നദി. നല്ല തെളിഞ്ഞ വെള്ളം .ശാന്തമായി ഒഴുകുന്നു.

പെർസെഫനി വെള്ളമെടുക്കാൻ കുനിഞ്ഞതും പിറകിൽ നിന്ന് ഒരു കൈ അവളുടെ ചുമലിൽ വീണു . അവൾ തിരിഞ്ഞു നോക്കി . ഒരു ദേവത !!" ലീതി യിൽ നിന്ന് വെള്ളമെടുക്കരുത്." അതൊരു ആജ്ഞയായിരുന്നില്ല, മറിച്ച് സ്നേഹം തുളുമ്പുന്ന വാക്കുകൾ ആയിരുന്നു. അവരുടെ തലമുടി അരയ്ക്ക് താഴെ വരെ നീണ്ടു കിടന്നിരുന്നു. കറുത്ത രണ്ട് കൊമ്പുകൾ നെറ്റിയിൽ നിന്നും പുറത്തേക്ക് നീണ്ടിരുന്നു. ഒരു സ്വർണ്ണ കിരീടവും അവർ ധരിച്ചിരുന്നു.

' താങ്കൾ ഒരു ദേവതയാണ്.' പെർസെഫനി സന്തോഷപൂർവം പറഞ്ഞു. 'ഞാൻ ഹിക്കറ്റി.' (Hecate). അവർ തലകുനിച്ച് പെർസെഫനി യെ വണങ്ങി. ഹിക്കറ്റി ദേവിയെക്കുറിച്ച് അവൾ കേട്ടിട്ടുണ്ട്. മന്ത്രവാദത്തിന്റെയും മാജിക്കിന്റെയും ദേവിയാണവർ. പീഡനം അനുഭവിക്കുന്ന സ്ത്രീകളുടെ രക്ഷകയാണവർ.

'ഞാൻ പെർസെഫനി.' അവൾ പറഞ്ഞു.

' എനിക്കറിയാം. താങ്കളെ കാണാൻ കാത്തിരിക്കുകയായിരുന്നു ഞാൻ. സ്റ്റൈക്സിൽ വീണതും ലോർഡ് ഹെയ്ഡിസ് ബഹളം വച്ചതും എല്ലാം കേട്ടിരുന്നു. ഞാൻ ഒന്ന് പറയട്ടെ. അധോലോകത്തിലെ നദികളെല്ലാം അപകടകാരികളാണ് . ലീതിയിലെ വെള്ളം ഓർമ്മകളെ കവർന്നുകളയും . മനുഷ്യരുടെ മാത്രമല്ല ദേവകളുടെയും. ഈ വസ്തത ദേവിയോട് പറഞ്ഞുതരാത്തതിന് ഞാൻ ലോർഡ് ഹെയ്ഡിസിനെ ശകാരിക്കുന്നുണ്ട്.'

'ശകാരിക്കുന്നത് എനിക്കും കേൾക്കണം. ' അവൾ പറഞ്ഞു. 'പിന്നെ എനിക്ക് കുറച്ച് വെള്ളം വേണം.ഒരു കൊച്ചു പൂന്തോട്ടമുണ്ടാക്കുന്ന തിരക്കിലാണ്.'

'വരൂ. കാട്ടിത്തരാം.'

'ദേവി എവിടെ താമസിക്കുന്നു? '

' ഞാൻ പലയിടങ്ങളിലായി താമസിക്കുന്നു എങ്കിലും ഇവിടമാണെനിക്ക് കൂടുതൽ ഇഷ്ടം.'

വെള്ളമൊഴിച്ച് കഴിഞ്ഞു ഹിക്കറ്റി അവളെയും കൊണ്ട് നടന്നു. നായ്ക്കൾ കളിച്ചുകൊണ്ടിരുന്ന ചുവന്ന പന്ത് കൈയിൽ എടുത്ത് അവൾ ചോദിച്ചു: 'ആ നായ്ക്കൾ ഹെയ്ഡിസിന്റെതാണോ? '

' അതെ. ലോർഡ് ഹെയ്ഡിസിനു നാല് കുതിരകളുമുണ്ട്.'

അവർ നടന്ന് ഒരു പിളർപ്പിനരികിലെത്തി . " ഈ പിളർപ്പിനക്കരെയാണ് " അസ്ഫടൽ ". ആത്മാക്കൾ വസിക്കുന്നയിടം. നിരവധി ചെറിയ വീടുകൾ അവൾ കണ്ടു . ഇഷ്ടികയും തടികളും ഉപയോഗിച്ച് പണിഞ്ഞ വീടുകൾ !! അവയിലെ ചിമ്മിനികളിൽ നിന്നും പുകയുയരുന്നു. കുറച്ച് കൂടി നടന്നപ്പോൾ ചെടികളും മരങ്ങളും പൂക്കളും അനേകം ചെറിയ വൃക്ഷങ്ങളും കണ്ടു . ടെന്റുകൾക്ക് ചുറ്റും മനുഷ്യരെ പ്പോലെ തോന്നിപ്പിക്കുന്ന ആത്മാക്കളെയും കണ്ടു .

' അവിടെ എന്താണ് നടക്കുന്നത്? ' പെർസെഫനി ചോദിച്ചു.

' ഇന്ന് അവരുടെ ചന്ത ദിവസമാണ് .കാണാൻ വരുന്നോ?'

ഹിക്കറ്റി അവളുടെ കൈപിടിച്ച് ടെലിപോർട് ചെയ്ത് താഴ്വാരത്തിലെത്തി.
അവിടെ തെരുവുകൾ റാന്തൽ വിളക്കുകൾ കൊണ്ട് അലങ്കരിച്ചിരുന്നു. ജീവനുള്ള മനുഷ്യരെപ്പോലെ ആത്മാവുകൾ നടക്കുന്നുണ്ടായിരുന്നു. ആപ്പിൾ , ഓറഞ്ച്, ഫിഗ് , മാതളപ്പഴം എന്നിവ നിറഞ്ഞ ടെന്റുകൾ കണ്ട് പെർസെഫനി അമ്പരന്നു.

'ഈ പഴവർഗങ്ങൾ എവിടെ നിന്ന് വരുന്നു?' അവൾ ചോദിച്ചു.

' ആത്മാക്കൾ കൃഷി ചെയ്ത് ഉണ്ടാക്കുന്നതാണ് .'

' ആത്മാക്കൾക്ക് ആഹാരമെന്തിനാണ്?'

' അവർക്ക് വികാരങ്ങളുണ്ട് , പ്രതീക്ഷകളുണ്ട് അവർക്ക് പരിചിതമായ ഒരു അന്തരീക്ഷത്തിൽ ജീവിക്കാനാണിഷ്ടം. ലോർഡ് ഹെയ്ഡിസ് അവർക്കത് അനുവദിച്ചിരിക്കുന്നു.'

'ലേഡി ഹിക്കറ്റി !!' ചില ആത്മാക്കൾ ഓടി വന്നു.ഹിക്കറ്റി ദേവി അവർക്ക് പെർസ്സെഫ നിയെ പരിചയപ്പെടുത്തി. " ഇതാണ് വസന്തത്തിന്റെ ദേവത, പെർസെഫനി.'
കുട്ടികൾ പൂക്കൾ കൊണ്ട് ഒരു കിരീടമുണ്ടാക്കി പെർസെഫനിയെ അണിയിച്ചു .

തിരികെ വരുമ്പോൾ നായ്ക്കളുമായി കളിക്കുന്ന ഹെയ്ഡിസി നെ യാണവർ കണ്ടത്. പെട്ടന്ന് ഒരു വലിയ ഹോൺ കേട്ടു. " എന്നെ ജഡ്ജിമാർ വിളിക്കുന്നു. ഞാൻ പോകട്ടെ. ഇനിയും അധോലോകത്ത് വരുമ്പോൾ നമുക്ക് ആത്മാക്കളെ കാണാൻ പോകാം, അവരുമായി സമയം ചെലവഴിക്കാം."ഹിക്കറ്റി മറഞ്ഞു.

'എന്തിനാണ് ജഡ്ജിമാർ ലേഡി ഹിക്കറ്റിയെ വിളിക്കുന്നത്? 'അവൾ ഹെയ്ഡിസിനോട് ചോദിച്ചു.

" ഹിക്കറ്റി നരകത്തിന്റെ ദേവിയാണ് .ചീത്ത മനുഷ്യരുടെ ആത്മാക്കൾക്ക് ശിക്ഷ കൊടുക്കുന്നത് ഹിക്കറ്റി യാണ് .

' ഹെയ്ഡിസ് , നിങ്ങളുടെ ആത്മാക്കൾ വളരെ സന്തോഷമുള്ളവരാണ് "

'ദേവിക്ക് അത് അള്ളതമായി തോന്നിയോ?"

'തോന്നി. നിങ്ങൾ ഒരു ദയയില്ലാത്ത ദേവനാണ്.'

" ഞാനിനി നിന്റെ ചോദ്യങ്ങൾക്ക് ഉത്തരം തരുന്നില്ല ."

' പിന്നെ എങ്ങനെയാണ് ഞാൻ നിങ്ങളെ അറിയുന്നത്?'

'നമുക്ക് ഒരു ഗെയിം കളിക്കാം.'

'ഓ. ഇനിയും ഗെയിം കളിച്ച് എന്നെ പറ്റിക്കാമെന്ന് കരുതണ്ട.'

" ഒരു കോണ്ട്രാക്കും ഇല്ലാത്ത ഗെയിം ആയാലോ ?"

'ഞാൻ പറയുന്ന ഗെയിം .അത് സമ്മതമെങ്കിൽ ആവാം.'

ആഹാ, നീ പറയുന്ന ഗെയിമോ എന്നൊരു ഭാവം ഹെയ്ഡിസിന്റെ മുഖത്ത്.*

****